**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4539** **29-10-2021 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ തോട്ടങ്ങൾ ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഏതൊക്കെ സ്വകാര്യ തോട്ടങ്ങൾ ഏറ്റെടുക്കാൻ പദ്ധതിയുണ്ടെന്ന് പേരുവിവരങ്ങളും തോട്ടങ്ങളുടെ വിസ്തീർണ്ണവും സഹിതം വിശദാംശം ലഭ്യമാക്കുമോ; | (എ) | റീബിൽഡ് കേരള ഡവലപ്പ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായി വനം വകുപ്പിന് കീഴിൽ നടപ്പിലാക്കി വരുന്ന ഒരു ഉപപദ്ധതിയാണ് സ്വകാര്യ എസ്റ്റേറ്റുകളുടെ ഏറ്റെടുക്കൽ. 14/11/2019-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി) 483/2018/പി&ഇഎ നമ്പർ പ്രകാരം ഈ പദ്ധതിക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്. വനത്തിനകത്ത് സ്ഥിതി ചെയ്യുന്ന സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുത്ത് സ്വാഭാവിക വനങ്ങളായി പുന:സ്ഥാപിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ആദ്യഘട്ടത്തിൽ 6 ഡിവിഷനുകളിലായി 13 എസ്റ്റേറ്റുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് & മാനേജ്മെൻറ് ഓഫ് ഇക്കോളജിക്കലി ഫ്രെജൈൽ ലാന്റ്സ്) ആക്റ്റ്, 2003 സെക്ഷൻ 4(1) പ്രകാരം നഷ്ടപരിഹാരം നൽകിയോ, റൈറ്റ് റ്റു ഫെയർ കോമ്പൻസേഷൻ & ട്രാൻസ്പരൻസി ഇൻ ലാൻറ് അക്വിസേഷൻ, റീഹാബിലിറ്റേഷൻ & റീസെറ്റിൽമെൻറ് ആക്റ്റ്, 2013 പ്രകാരമോ 1450.1688 ഹെക്ടർ സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന എസ്റ്റേറ്റുകളുടെ പട്ടിക അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | ഇതിനായി സർക്കാർ ഖജനാവിൽ നിന്നും എത്ര രൂപ ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ? | (ബി) | വനത്തിനകത്ത് സ്ഥിതി ചെയ്യുന്ന സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിനായി 385.31 കോടി രൂപയാണ് റീബിൽഡ് കേരള ഡവലപ്പ്മെന്റ് പദ്ധതി തുകയായി വകയിരുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം - 1

# റീബിൽഡ് കേരള ഡെവലപ്മെന്റ് പ്രോജക്റ്റ്

## ഏറ്റെടുക്കുന്ന സ്വകാര്യ എസ്റ്റേറ്റുകളുടെ പട്ടിക

| ഡിവിഷൻ | ക്രമ നമ്പർ | എസ്റ്റേറ്റിന്റെ പേര് | ആകെ വിസ്തീർണ്ണം (ഹെക്ടർ) |
|---|---|---|---|
| ശെന്തുരുണി വൈൽഡ്ലൈഫ് | 1 | കല്ലാർ | 291.2000 |
| | 2 | റോക്ക് വുഡ് | 152.7000 |
| | | **ആകെ** | **443.9000** |
| പെരിയാർ ഈസ്റ്റ് ഡിവിഷൻ | 3 | ടൗൺറ്റോൺ/ പച്ചക്കാനം എസ്റ്റേറ്റ് | 208.7497 |
| | | **ആകെ** | **208.7497** |
| സൈലന്റ് വാലി നാഷണൽ പാർക്ക് | 4 | നൂറ് ഏക്കർ കെ.പി. എസ്റ്റേറ്റ് | 40.4690 |
| മണ്ണാർക്കാട് | 5 | മണ്ണാർക്കാട് റബ്ബർ എസ്റ്റേറ്റ് | 101.1740 |
| | | **ആകെ** | **141.6430** |
| | | **ആകെ സംരക്ഷിത മേഖല** | **794.2927** |
| തിരുവനന്തപുരം ഫോറസ്റ്റ് ഡിവിഷൻ | 6 | മഹാവീർ എസ്റ്റേറ്റ്, ബോണക്കാട് | 498.1295 |
| | | **ആകെ** | **498.1295** |
| സൗത്ത് വയനാട് ഫോറസ്റ്റ് ഡിവിഷൻ | 7 | സി.ആർ എസ്റ്റേറ്റ് (തരിയോട്) | 57.1790 |
| | | **ആകെ** | **57.1790** |
| നോർത്ത് വയനാട് ഫോറസ്റ്റ് ഡിവിഷൻ | 8 | മക്കിമല സരോജ എസ്റ്റേറ്റ് | 34.3300 |
| | 9 | മലൻതോട്ടം തിരുനെല്ലി | 6.8804 |
| | 10 | ഇടയൂർ തിരുനെല്ലി | 0.2266 |
| | | | 2.9293 |
| | | | 0.3561 |
| | 11 | ബാണാസുര പ്ലാന്റേഷൻ, വെള്ളമുണ്ട | 6.0625 |
| | 12 | നരിപ്പാറ | 0.3927 |
| | | | 8.9100 |
| | 13 | ചെറുമുണ്ടേരി | 40.4800 |
| | | **ആകെ** | **100.5676** |
| | | **ആകെ** | **1450.1688** |